Series JSR

SET-4

Code No. **12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# SUMMATIVE ASSESSMENT - II

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക്: 90*

*Time allowed : 3 hours* — *Maximum Marks : 90*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 14 marks |
| Section C : Grammar | 18 marks |
| Section D : Literature | 48 marks |

## എ - വിഭാഗം

## SECTION - A

1. **താഴെ കൊടുത്തിരിയ്ക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

കുട്ടനാട്ടിൽ കാണപ്പെടുന്ന മണ്ണുപോലെ തന്നെ സമുദ്രനിരപ്പിനു താഴെയായി എറണാകുളം, തൃശൂർ ജില്ലകളിൽ തീരപ്രദേശങ്ങളോട് ചേർന്നു കാണുന്ന മണ്ണിനമാണ് പൊക്കാളിമണ്ണ്. സമുദ്രജലം നേരിട്ട് കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നതിനാൽ ഇത്തരം മണ്ണിൽ ലവണാംശം പൊതുവെ കുട്ടനാടൻ മണ്ണിനെയും മറ്റ് മണ്ണിനങ്ങളേയും അപേക്ഷിച്ച് കൂടുതലായിരിക്കും. മണ്ണിലെ ലവണാംശം മഴവെള്ളത്തോടൊപ്പം വാർന്നുപോകുന്നതിന് മണ്ണ് കൂന കൂട്ടിയാണ് ഇവിടെ വിത്തിറക്കുന്നതും കൃഷിചെയ്യുന്നതും. ഇവിടുത്തെ പ്രത്യേക രീതിയിലുള്ള നെൽകൃഷി പൊക്കാളി കൃഷി എന്നാണ് അറിയപ്പെടുന്നത്. ഈ കൃഷി രീതിയുടെ ഏറ്റവും പ്രധാന സവിശേഷത ഇത് പൂർണ്ണമായും ജൈവക്കൃഷിയാണ് എന്നതാണ്. ലവണാംശത്തെ ചെറുത്ത് വളർന്ന് നല്ല വിളവുനൽകുന്ന നെല്ലിനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്. ജൈവവൈവിധ്യം കൊണ്ട് സമ്പുഷ്ഠമായ കണ്ടൽക്കാടുകൾ ഇവിടെ സുലഭമാണ്.

**ചോദ്യങ്ങൾ :**

(i) എന്താണ് പൊക്കാളി മണ്ണ് ? **2**

(ii) പൊക്കാളി മണ്ണിന്റെ പ്രതേകത എന്ത് ? **2**

(iii) പൊക്കാളി കൃഷി എന്നറിയപ്പെടുന്നത് എന്ത് ? ഈ കൃഷിരീതിയുടെ സവിശേഷതകൾ എന്തെല്ലാം ? **3**

(iv) പൊക്കാളി മണ്ണിൽ എന്താണ് സുലഭമായി കാണുന്നത് ? **1**

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. **2**

## ബി - വിഭാഗം

## SECTION - B

2. (a) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 7

   (i) പശ്ചിമഘട്ട സംരക്ഷണം കേരളത്തിന്റെ ആവശ്യം.

   (ii) അവഗണിയ്ക്കപ്പെടുന്ന വാർദ്ധക്യം സാമൂഹിക വിപത്ത്.

   (iii) ദൃശ്യമാധ്യമങ്ങളുടെ സ്വാധീനവും സാമൂഹിക മൂല്യച്യുതിയും.

   (b) വിഷരഹിത ഭക്ഷ്യ വസ്തുക്കൾ എങ്ങനെ ലഭ്യമാക്കാം എന്ന് വിശദീകരിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേയ്ക്ക് കത്ത് തയ്യാറാക്കുക. 7

## സി - വിഭാഗം

## SECTION - C

3. (a) **പ്രയോഗം മാറ്റുക.** 2x1=2

   (i) ഇവൾ എന്നാൽ കുറേ നേരമായി ശ്രദ്ധിയ്ക്കപ്പെടുന്നു.

   (ii) ഉരുളിക്കുന്നത്തെ മനുഷ്യർ എന്നെ ചിരിയ്ക്കാനും സന്തോഷിയ്ക്കാനും പഠിപ്പിച്ചു.

   (b) **അംഗിവാക്യം അംഗവാക്യം ഇവ വേർതിരിച്ചെഴുതുക.** 1

   കമ്മ്യൂണിസ്റ്റ് പച്ചയുടെ തണുപ്പിൽ ഞാൻ വിജയശ്രീലാളിതനായി ഒളിഞ്ഞിരിക്കെ എന്റെ ഹൃദയം തമ്പലക്കാടിനും ചെമ്മലമറ്റത്തിനും പറന്നു പോകും.

   (c) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** 1

   റാണി കടയുടെ വാതിൽക്കലേയ്ക്കും അയാളുടെ മുഖത്തും മാറി മാറി നോക്കി.

(d) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** 2x1=2

(i) പാഴില

(ii) നിസ്സന്ദേഹം

(e) **വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** 2x1=2

(i) വാത്സല്യപൂർവ്വം

(ii) സത്യ പ്രകൃതി

4. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.**

(a) പര്യായപദങ്ങൾ എഴുതുക. 2x1=2

(i) മുറ്റം. (അങ്കം, അങ്കണം, ചത്വരം, ച്യൂതം.)

(ii) പക. (വിരോധം, വിധേയം, ശത്രുത, സ്നേഹം.)

(b) വിപരീത പദമെഴുതുക. 2x1=2

(i) ശ്രദ്ധ. (വിശ്രദ്ധ, സശ്രദ്ധ, അശ്രദ്ധ, മറവി.)

(ii) സങ്കീർണ്ണം. (പൂർണ്ണം, അപൂർണ്ണം, കുറച്ച്, കേവലം.)

(c) നാനാർത്ഥപദമെഴുതുക. 2x1=2

(i) ദർശനം. (നോട്ടം, നേട്ടം, സ്വപ്നം, കനിവ്.)

(ii) ആശ. (മഹി, മോഹം, ദിക്ക്, ദൃക്ക് )

(d) അർത്ഥ വ്യത്യാസം എഴുതുക. 2x1=2

(i) ഉദരം - ഉദാരം.

(മൗലി, ശ്രേഷ്ഠം, വയർ, പാദം.)

(ii) പ്രാണി - പ്രാണൻ.

(ജീവി, കൈ, ജീവൻ, ജലം.)

(e) എതിർലിംഗപദം എഴുതുക. 2x1=2

(i) നിവാസി. (വാസി, നിവാസിനി, നിവാസിണി, അവാസി.)

(ii) കാള. (പോത്ത്, എരുമ, പശു, അജം.)

## ഡി - വിഭാഗം

## SECTION - D

5. **ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.** **8x½=4**

(a) ഉരുളിക്കുന്നം ഏതു താലൂക്കിൽ ഉൾപ്പെടുന്നു ?

(എലിക്കുളം, കോട്ടയം, പൊൻകുന്നം, പൂവരണി.)

(b) ഭാഗവതം മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ കവി.

(അക്കിത്തം, അച്യുതൻ നമ്പൂതിരി, സുഗതകുമാരി, വൈലോപ്പിള്ളി, പി.കുഞ്ഞിരാമൻ നായർ.)

(c) നിശതൻ ഖണ്ഡകാവ്യങ്ങൾ തിരുത്തുന്നതാരാണ് ?

(സൂര്യരശ്മികൾ, കർഷകകന്യക, വിൺപിച്ചകച്ചെടി, ഓണപ്പൂ-ങ്കുമ്പിളേന്തിയ സന്ധ്യകൾ.)

(d) അയാൾ റാണിയ്ക്ക് എന്താണ് വാങ്ങിക്കൊടുത്തത് ?

(കോക്ക്ടെയിൽ ഫ്രൂട്ട് ജ്യൂസ്, കോൺ ഐസ്ക്രീം, ഫ്രഷ് ജ്യൂസ്, വസ്ത്രം.)

(e) 'ആസാം പണിക്കാർ' എന്ന കവിത ഉൾപ്പെടുത്തിയ കാവ്യസമാഹാരം.

(മകരക്കൊയ്ത്ത്, ശ്രീരേഖ, കന്നിക്കൊയ്ത്ത്, കണ്ണീർപ്പാടം.)

(f) സുപ്രഭാതത്തിനൊപ്പം ജീപ്പിൽ വന്നിറങ്ങിയതാരാണ് ?

(ഗ്രാമം, സുഹൃത്തുക്കൾ, നഗരം, ആത്മമിത്രം.)

(g) ഉരുളിക്കുന്നത്തെ മനുഷ്യർ സക്കറിയയ്ക്കു നല്കിയ ആടയാഭരണങ്ങളില്ലാത്ത ഭാഷയ്ക്കു പിന്നിൽ എന്താണുണ്ടായിരുന്നത് ?

(പ്രകൃതിയോടടുപ്പം, ജീവിതലാളിത്യം, കൃഷിക്കാരന്റെ പൊരുൾ, സന്തുഷ്ടമായ ബാല്യം.)

(h) 'പ്രണയത്തിനൊരു സോഫ്ട്‌വെയർ'- ആരുടെ നോവലാണ് ?

(മാധവിക്കുട്ടി, സക്കറിയ, ഇ. ഹരികുമാർ, ആറ്റൂർ രവിവർമ്മ.)

6. (a) **ഉത്തരം എഴുതുക.** **4x4=16**

(i) ''എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ'' എന്ന കവിതയിലെ പെൺകുട്ടിയോടുള്ള രമണിയുടെ സമീപനം നിങ്ങൾ അനുകൂലിയ്ക്കുന്നുണ്ടോ ? ഇല്ലയോ ? എന്നു വിശദീകരിക്കുക.

(ii) വീടിനെ കുറിച്ചുള്ള എന്തൊക്കെ ഓർമ്മകളാണ് സക്കറിയ പങ്കുവയ്ക്കുന്നത് ?

(iii) അനാഥയായ പെൺകുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാനായകൻ കുട്ടിക്കാലത്ത് തെരുവിൽ നിന്ന് തന്റെ പുറകേ എത്തിയ പൂച്ചക്കുട്ടിയെക്കുറിച്ചോർത്തു പോകുന്നു. കഥയിൽ ഈ ഓർമ്മയ്ക്ക് എന്ത് പ്രസക്തിയാണുള്ളത് ?

(iv) ''ഉരുളിക്കുന്നത്തിന്റെ ലുത്തീനിയ'' എന്നതിലെ ''ലുത്തീനിയ''എന്ന പ്രയോഗം പാഠഭാഗത്തിന് എത്രമാത്രം ചേരുന്നു എന്ന് പരിശോധിക്കുക.

(b) (i) ''നിശതൻ ഖണ്ഡ കാവ്യങ്ങൾ **4x4=16**
തിരുത്തും സൂര്യ രശ്മികൾ''- ഈ വരികളിലെ ആശയ ഭംഗി വിവരിക്കുക.

(ii) നാടുവിട്ട് ആസാമിലേയ്ക്ക് പണിയ്ക്കുപോയ തൊഴിലാളികളുടെ ജന്മനാടിനെക്കുറിച്ചുള്ള ഓർമ്മകൾ കവിതയെ ആസ്പദമാക്കി വിവരിക്കുക.

(iii) 'സുപ്രഭാതത്തിനൊപ്പം ജീപ്പിൽ വന്നിറങ്ങുന്ന നഗരം'- ഈ പ്രയോഗത്തിൽ തെളിയുന്ന ഭാവങ്ങൾ വിശദമാക്കുക.

(iv) കേരളത്തിന്റെ പ്രകൃതി സൗന്ദര്യം ''സൗന്ദര്യപൂജയിൽ'' കവി വർണ്ണിച്ചിരിക്കുന്നത് എപ്രകാരം ?

7. **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **2x6=12**

(a) അപ്പു കപ്പിത്താനെ രക്ഷപ്പെടുത്തിയത് എപ്രകാരം ?

(b) അപ്പുവിന്റെ കഴിവുകൾ ലോകം അറിയാനിടയായ സംഭവങ്ങൾ എന്തെല്ലാം ?

(c) ഒരു ശാസ്ത്രകഥ എന്ന നിലയിൽ മൃതസഞ്ജീവനിയ്ക്കുള്ള പ്രാധാന്യം വിശദീകരിക്കുക.